ല്ലാത്ത പല രോഗങ്ങളും ഒട്ടകങ്ങളെ ബാധിക്കാറുണ്ട്. ലെൻഗീസിന്റെ ഇരുപത്തിനാല് ഒട്ടകങ്ങളിൽ ഒരെണ്ണവും ഇതുവരെ പ്രസവിച്ചിട്ടില്ല. മാസം തികയുംമുമ്പ് അവയുടെയെല്ലാം ഗർഭം അലസിപ്പോവുന്നു. ഗർഭസ്രാവത്തിനുപുറമെ വേറെയും പല രോഗങ്ങളും അവയെ പിടികൂടുന്നു. വൈദഗ്ദ്ധ്യം ആവശ്യമുള്ള തൊഴിലാണ് ഒട്ടകംവളർത്തൽ.

1986–ൽ 'ഐക്യരാഷ്ട്രസമിതിയുടെ പരിസ്ഥിതിപദ്ധതി' (യു. എൻ. ഇ. പി.) യുടെ ആഭിമുഖ്യത്തിൽ സാംബുരുക്കൾപോലെയുള്ള പുതിയ ഒട്ടകംവളർത്തുകാർക്കുവേണ്ടി കെനിയയിൽ സംഘടിപ്പിക്കപ്പെട്ട 'ഒട്ടകം വർക്ക്ഷോപ്പി'ൽ പരിചയസമ്പന്നരായ പഴയ ഒട്ടകംവളർത്തുകാരും പാശ്ചാത്യ മൃഗവൈദ്യന്മാരും പുതിയ ഒട്ടകംവളർത്തുകാരും പങ്കെടുത്ത് അനുഭവങ്ങൾ പരസ്പരം കൈമാറുകയുണ്ടായി. സാംബുരുഗോത്രത്തലവൻ ലെൻഗീസ് ഈ വർക്ക്ഷോപ്പിൽ പ്രയോജനകരമായി സംബന്ധിച്ചു. ഇത്തരം 'ഒട്ടക വർക്ക്ഷോപ്പു'കൾ ഇനിയും നടത്താൻ യു. എൻ. ഇ. പി. ക്കു പരിപാടിയുണ്ട്. ആഫ്രിക്കയിലെ ക്ഷാമനിവാരണ പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കപ്പെടുന്ന പണത്തിലൊരു ഭാഗം പുതിയ ഒട്ടകംവളർത്തുകാർക്കു ലഭ്യമാക്കുകയാണ് ഈ വർക്ക്ഷോപ്പുകളുടെ ഒരു ലക്ഷ്യം.

പാൽ കറന്നെടുക്കാൻ മാത്രമല്ല ഒട്ടകത്തെ ഉപയോഗപ്പെടുത്തുന്നത്. അതിനെക്കൊണ്ടു കലപ്പ വലിപ്പിക്കാം; വണ്ടിയും വലിപ്പിക്കാം. ഒട്ടകപ്പാൽ ഉപയോഗിച്ചു ചീസ് ഉണ്ടാക്കുകയുംചെയ്യാം. എന്നാൽ, ഒട്ടകത്തിന്റെ ഏററവും വലിയ ഗുണം പശുവിനെപ്പോലെ അതു പുല്ലു കാർന്നെടുത്തു മണ്ണൊലിപ്പ് ഉണ്ടാക്കുകയില്ല എന്നതാണ്.

മരുഭൂമിയുടെ ലക്ഷണങ്ങളാണു മുൾച്ചെടികളും ഒട്ടകങ്ങളും. വിവേകശൂന്യമായ വനവിധ്വംസനത്തിന്റെ ഫലമായി നമ്മുടെ 'മലഞ്ചെരുവുകൾ മണ്ണൊലിച്ചു പാറ പൊന്തിയും അവയ്ക്കിടയിൽ കാരപോലുള്ള മുൾച്ചെടികൾ തഴച്ചുവളർന്നും ഏറെക്കുറെ മരുഭൂമികളുടെമാതിരി ആയിത്തീർന്നിട്ടുണ്ട്. ഏതാനും ദശാബ്ദങ്ങൾമുമ്പു നിബിഡങ്ങളായ ഉഷ്ണമേഖലാ—മഴക്കാടുകൾ മൂടിക്കിടന്നിരുന്ന അട്ടപ്പാടിപോലെയുള്ള പ്രദേശങ്ങളുടെ ഇപ്പോഴത്തെ ചിത്രങ്ങളെ സഹാറാമരുഭൂമിയിലെ ചില പ്രദേശങ്ങളുടെ ചിത്രങ്ങളിൽനിന്നു വേർതിരിച്ചറിയുക പ്രയാസമാണ്.

കേരളത്തിൽ അട്ടപ്പാടിപോലെയുള്ള പ്രദേശങ്ങളിൽ പാർക്കുന്നവർക്കും കെനിയയിലെ ഗോത്രവർഗക്കാർക്കെന്നപോലെ പശുവളർത്തൽ ഉപേക്ഷിച്ച് ഒട്ടകംവളർത്തൽ ഏറെറടുക്കേണ്ടിവരുമോ? വരുമെങ്കിൽ, അതിനുള്ള തയ്യാറെടുപ്പുകൾ ഇപ്പോഴേ ആരംഭിക്കുകയല്ലേ നല്ലതു്? കേരള കാർഷിക സർവകലാശാലയുടെ മണ്ണുത്തിയിലുള്ള വെറെററിനറി കോളേജിൽ ഒട്ടകംവളർത്തലിനുള്ള ഒരു വിഭാഗം ആരംഭിക്കാൻ സമയമായോ എന്ന് അധികൃതർ ചിന്തിക്കുന്നതു കൊള്ളാം. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ടല്ലോ?

(19 ഏപ്രിൽ, 1987)

## 107. തവള രക്ഷപ്പെട്ടു!

ചെറിയ ദയകൾക്കു നാം നന്ദിയുള്ളവരായിരിക്കുക. അവസാനം തവളക്കാൽക്കയററുമതി ഇന്ത്യാഗവണ്മെന്റ് നിരോധിച്ചിരിക്കുന്നു. പരിസരസംരക്ഷണവാദികളുടെയും പ്രകൃതിപ്രേമികളുടെയും ഒരു ദീർഘകാലപ്രക്ഷോഭണം അങ്ങനെ വിജയത്തിൽ പര്യവസാനിച്ചിരിക്കുന്നു.

പണക്കാരുടെ മേശമേൽ അഭിമാനത്തോടെ വിളമ്പാവുന്ന വിശിഷ്ട ഭോജ്യം ആണ് തവളയുടെ പിൻകാലുകൾ എന്ന് അമേരിക്കയും ജപ്പാനും ഫ്രാൻസും ജർമനിയും അറബിരാജ്യങ്ങളും മനസ്സിലാക്കിയതു താരതമ്യേന അടുത്തകാലത്തായിരുന്നു. നാലുകാശു കിട്ടുമെങ്കിൽ സ്വന്തം കുട്ടികളുടെ കാലുകൾപോലും വെട്ടിയെടുത്തു കയററിയയയ്ക്കാൻ മടിക്കാത്ത ഇന്ത്യയും ബാംഗ്ലാദേശും ഇൻഡോനേഷ്യയുംപോലുള്ള ദരിദ്രരാജ്യങ്ങളിലെ ലാഭക്കൊതിയരായ വ്യാപാരികൾ ധനികരാജ്യങ്ങളുടെ ഈ രുചിവൈകൃതത്തിൽനിന്നു പരമാവധി മുതലെടുത്തു. 1970–കളുടെ അവസാനത്തിലാണ് ഇന്ത്യയിൽ തവളസംഹാരം ഏററവുമധികം വ്യാപകമായി നടന്നത്. 1978–ാമാണ്ടിൽ യൂറോപ്പിലേക്കു മാത്രമായി മൂവായിരത്തഞ്ഞൂറു ടൺ തവളക്കാൽ ഇന്ത്യയിൽനിന്നു കയററിയയച്ചുവത്രേ. അമേരിക്കയിലേക്കും ജപ്പാനിലേക്കുമുള്ള കയററുമതി ഇതിനു പുറമേയായിരുന്നു (അറബികൾ തവളക്കാലിന്റെ രുചിയറിഞ്ഞതു് പിന്നീടാണെന്നു തോന്നുന്നു). മൂവായിരത്തഞ്ഞൂറു ടൺ തവളക്കാൽ കയററിയയയ്ക്കാൻ ആ ആണ്ടിൽ ഇന്ത്യക്കാർ ചുരുങ്ങിയതു് ആറുകോടി തവളകളെ പിടിച്ചു കൊന്നിരിക്കണമെന്നു പ്രസിദ്ധ പ്രകൃതിനിരീക്ഷകനായ ശ്രീ എം. കൃഷ്ണൻ പ്രസ്താവിച്ചിരുന്നു. തവളകളുടെ എണ്ണം ചുരുങ്ങിവന്നതിനാലാവാം, പിന്നീട് ഇന്ത്യയിൽനിന്നുള്ള തവളക്കാൽക്കയററുമതി കുറഞ്ഞുവന്നു. 1984–85–ൽ ഇവിടെനിന്നു കയററി അയച്ചതു് രണ്ടായിരത്തെഴുനൂററിരുപത്തെട്ടു ടൺ തവളക്കാൽ ആണത്രെ.

തവളക്കാൽക്കയററുമതിയെ എതിർത്തവരിൽ ചിലരുടെ വിരോധം അതിക്രൂരമായ രീതിയിൽ തവളകളെ കൊല്ലുന്നതിനോടു് ആയിരുന്നു. ജീവനുള്ള തവളയിൽനിന്നു മുറിച്ചെടുക്കുന്ന കാലിനേ സ്വാദുള്ളൂ എന്നാണ് ഭക്ഷണവിദഗ്ദ്ധർ പറയുന്നതു്. അതിനാൽ, ജീവനുള്ള, പിടയുന്ന, തവളയുടെ തലയും കൈകളും ഒരു കൈയിലും പിൻകാലുകൾ മറേറ കൈയിലുമായി പിടിച്ചെടുത്തു്, വലിച്ചുനീട്ടി താഴെ ഒരു മരത്തിൽ വായ്ത്തല മേല്പോട്ടാക്കി ഉറപ്പിച്ച ഒരു കത്തികൊണ്ടു് തവളയുടെ അരക്കെട്ടിൽവെച്ചു മുറിക്കുകയാണ് ചെയ്തിരുന്നതു്. മുറിച്ചശേഷം ജീവനുള്ള തലഭാഗം ഒരു വശത്തേക്കു് എറിയും; കയററി അയയ്ക്കാനുള്ള കാലുകൾ ഐസും വെള്ളവും നിറച്ച ഒരു പാത്രത്തിൽ ശേഖരിക്കുകയുംചെയ്യും. അരയ്ക്കു താഴെയുള്ള ഭാഗം മുറിച്ചുമാററപ്പെട്ട തവള പിടഞ്ഞുപിടഞ്ഞു മരിക്കാൻ വളരെയേറെ സമയം എടുക്കും.

ഈ ക്രൂരതയ്ക്കെതിരെയുള്ള പ്രതിഷേധം വാചാലമായപ്പോൾ, തവളകളെ ബോധംകെടുത്തിവേണം അവയുടെ പിൻകാലുകൾ മുറിച്ചെടുക്കാൻ എന്ന് ഇന്ത്യാഗവണ്മെൻറ് നിർദേശിച്ചു. ചെലവു കൂടാതെ തവളകളെ ബോധംകെടുത്താൻ തവളക്കാൽക്കയററുമതിക്കാർ കണ്ട വിദ്യ അവയെ ഉപ്പുവെള്ളത്തിൽ മുക്കിപ്പിടിക്കുക എന്നതായിരുന്നു. വെള്ളത്തിൽ നീന്തുമെങ്കിലും തവളയ്ക്കു്, നമുക്കെന്നപോലെ, ശ്വാസം കഴിക്കാൻ വെള്ളത്തിനുമീതെ വരണം. ഉപ്പുവെള്ളത്തിൽ ശ്വാസംമുട്ടിയുള്ള മരണത്തിനു് കത്തികൊണ്ടു വെട്ടേററുള്ള മരണത്തേക്കാൾ കുറച്ചേ വേദനയുള്ളൂ എന്ന് ഒരു തവളയും പറഞ്ഞതായി അറിവില്ല. പക്ഷേ, സർക്കാരിന്റെ മനസ്സാക്ഷിക്കു് ആശ്വസിക്കാൻ അത്രയും മതിയായിരുന്നു.

പാശ്ചാത്യനാടുകളിൽ ഗവേഷണശാലകളിലെ പരീക്ഷണങ്ങൾക്കായി വലിയതോതിൽ കുരങ്ങന്മാരെ പിടിച്ചു് ഇന്ത്യയിൽനിന്നു കയററി അയച്ചിരുന്നതു് മൊറാർജിദേസായി പ്രധാനമന്ത്രിയായിരിക്കേ നിരോധിക്കുകയുണ്ടായി. തവളക്കാൽക്കയററുമതി നിരോധിക്കാനും മൊറാർജി ദേസായിക്കു് ഉദ്ദേശ്യമുണ്ടെന്നു കേട്ടിരുന്നു. പക്ഷേ, അന്നൊന്നും തവള

ക്കാൽക്കയററുമതി നിരോധിക്കപ്പെട്ടില്ല. സർക്കാരിൽ സ്വാധീനം കശാപ്പുകാർക്കുതന്നെയായിരുന്നു.

തവളകളുടെ എണ്ണം ചുരുങ്ങിവരുന്ന തോതിനു് കൊതുകുകളും വിളകളും നാശംവരുത്തുന്ന കീടങ്ങളും നാട്ടനീളെ പെരുകിവന്നു. തവളക്കാൽക്കയററുമതിയിൽനിന്നു കിട്ടുന്നതിനേക്കാൾ വളരെയേറെ അധികം പണം വിദേശങ്ങളിൽനിന്നു കീടനാശിനികൾ ഇറക്കുമതിചെയ്യാൻ ചെലവഴിക്കണമെന്ന സ്ഥിതി വന്നുകൂടി. ഇതോടൊപ്പം നമ്മുടെ വയലുകളിലും കുളങ്ങളിലും ധാരാളം കണ്ടുവന്നിരുന്ന, തവിട്ടുനിറത്തിൽ ദേഹത്തിലാകെ കുത്തും വരകളുമുള്ള റാണ ടൈഗറീന, പച്ചനിറമുള്ള റാണ ഹെക്സാഡാക്ടൈല എന്നീ ഇനം വലിയ പോക്കാച്ചിത്തവളകളെ അവയുടെ സ്വാഭാവിക—ആവാസസ്ഥാനങ്ങളിൽ കാണാൻ പ്രയാസമായിത്തീന്നു. ആർജൻറീനയിലെ ബ്യൂണോസ് എയേഴ്സ് നഗരത്തിൽ 1985—ൽ 'വംശനാശമടുത്ത ജന്തുവർഗങ്ങളുടെ അന്താരാഷ്ട്രീയവ്യാപാരം സംബന്ധിച്ച സമ്മേളനം' ചേന്നപ്പോൾ, ഇന്ത്യയിലെ പോക്കാച്ചിത്തവളകളെ വംശനാശമടുത്ത ജന്തുക്കളായി പ്രഖ്യാപിക്കുകയും സംരക്ഷിക്കേണ്ട ജന്തുക്കളുടെ പട്ടികയിൽ അവയെ പെടുത്തുകയും വേണമെന്നു് പശ്ചിമജർമനിക്കാർ ഒരു പ്രമേയം കൊണ്ടുവന്നു.

ഈ മാതിരി കാര്യങ്ങൾ ഇന്ത്യയിലെ പ്രകൃതിപ്രേമികൾ നിരന്തരമായി സർക്കാരിൻെറ ദൃഷ്ടിയിൽപെടുത്തിയതിൻെറ ഫലമായി, തവളകൾ മുട്ടയിട്ടു പെരുകുന്ന ജൂൺ മുതൽ സെപ്റ്റംബർവരെയുള്ള മാസങ്ങളിൽ അവയെ പിടിക്കുന്നതു് സർക്കാർ വിലക്കി; തവളക്കാൽക്കയററുമതിക്കു മീതെ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയുംചെയ്തു. ഇതുകൊണ്ടൊന്നും വലിയ പ്രയോജനമുണ്ടായില്ല. കാരണം, തവളസംരക്ഷണം സംബന്ധിച്ച സർക്കാർ നിയമങ്ങൾ നടപ്പിൽ വരുത്താൻ യാതൊരു സംവിധാനവും ഉണ്ടായിരുന്നില്ല. തവളക്കാൽക്കയററുമതിക്കാർക്കാണെങ്കിൽ സർക്കാരിൻെറമേൽ വലിയ സ്വാധീനശക്തിയുണ്ടായിരുന്നുതാനും.

1987 മാർച്ച് 6—ാം തീയതി പാർലമെൻറിൽ ഒരു ചോദ്യത്തിനു മറുപടിയായി വാണിജ്യമന്ത്രി ശ്രീ പി. ശിവശങ്കർചെയ്ത ഒരു പ്രസ്താവന ഈ സ്വാധീനശക്തിക്കു തെളിവാണു്. ശ്രീ ശിവശങ്കർ പറഞ്ഞു: 'കീടങ്ങളെയും വിള നശിപ്പിക്കുന്ന മററു ചാഴികളെയും ജൈവശാസ്ത്രപരമായി നിയന്ത്രിക്കുന്നതിൽ വളരെ കുറച്ചുമാത്രം പ്രഭാവമേ തവളക്കയററുമതി ചെലുത്തുന്നുള്ളു എന്നു പഠനങ്ങൾ തെളിയിച്ചിരിക്കുന്നു.' എങ്കിലും, തവളക്കാൽക്കയററുമതി നിരോധിക്കുന്ന കാര്യം ഗവൺമെൻറിൻെറ പരിഗണനയിലുണ്ടെന്നും മന്ത്രി അതേ അവസരത്തിൽ പറയാതിരുന്നില്ല.

അതിൻെറ പിറേറന്നു്, 1987 മാർച്ച് 7—ാം തീയതി, തവളക്കാൽക്കയററുമതി നിരോധിക്കുന്ന ഇന്ത്യാഗവൺമെൻറിൻെറ കല്പന പത്രങ്ങളിൽ വായിച്ചപ്പോൾ മന്ത്രി ശ്രീ ശിവശങ്കർ എന്തു കരുതിയോ! നമ്മുടെ അധികാരകേന്ദ്രങ്ങളുടെ തലപ്പത്തിരിക്കുന്നവരുടെ അതിഭയങ്കരമായ ആശയക്കുഴപ്പത്തിനു് ഇതിനേക്കാൾ വലിയ ഒരു തെളിവു വേറെ വേണ്ടതില്ല.

ഏതായാലും അവസാനം ഈ പൈശാചികമായ വ്യാപാരം ഇന്ത്യാസർക്കാർ നിരോധിച്ചതിൽ നമുക്കു സന്തോഷിക്കുക; കൂട്ടക്കൊലയിൽനിന്നു മോചനം ലഭിച്ച തവളകളുടെ സംഗീതം, ഏതാനും ആണ്ടുകൾക്കകം നമ്മുടെ വർഷകാലരാത്രികളെ വീണ്ടും ശബ്ദായമാനങ്ങളാക്കുമെന്നു് ആശിക്കുകയും ചെയ്യുക!

(26 ഏപ്രിൽ, 1987)